**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **20-06-2024 - ൽ മറുപടിയ്ക്ക്**

**വരൾച്ചയെ തുടർന്ന് കാർഷികരംഗത്തുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കനത്ത ചൂടിലും വരൾച്ചയിലും കാർഷിക രംഗത്തുണ്ടായ നഷ്ടം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **ഉണ്ട്. 2024 ഫെബ്രുവരി - മെയ് മാസങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ച മൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.<br><br>പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു.** |
| (ബി) | വരൾച്ചയെക്കുറിച്ച് പഠിക്കുന്നതിനായി കൃഷി വകുപ്പ് വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതിയുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | വരൾച്ച കെടുതി മൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി കാർഷിക ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി |

| | | | |
|---|---|---|---|
| | | | എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ വിദഗ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന വിളകളിൽ നെല്ല് പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സമിതിയുടെ നിഗമനങ്ങൾ പ്രകാരം കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; | (സി) | കേരളത്തിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ രൂക്ഷമായ വരൾച്ചയെത്തുടർന്ന് ഉണ്ടായ കാർഷിക നഷ്ടം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്. |
| (ഡി) | കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**1)** ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും, സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും |

| | | | |
|---|---|---|---|
| | | | കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.<br><br>**2)** നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**3)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാർഷിക വായ്പ തിരിച്ചടയ്ക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ് പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ